





# വത്തിക്കാൻ തരംഗം

**പ്രത്യാശയുടെ തീർഥാടനത്തിനായി പ്രാർത്ഥിക്കാം**

ഈ ജൂബിലി വർഷം നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്താനും, നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉത്ഥിതനായ ക്രിസ്തുവിനെ തിരിച്ചറിയാനും, അത് നമ്മെ ക്രിസ്തീയ പ്രത്യാശയുടെ തീർത്ഥാടകരാക്കി മാറ്റാനും പ്രാർത്ഥിക്കുന്നു.

കെസിബിസി മീഡിയ Vol No.34 No.12 December 2024 Rs.5.00

# Emmanuel 2024



വത്തിക്കാൻ തരംഗം
VATHICAN THARANGAM
December - 2024
RN. 55 178/94
പുസ്തകം- 34
Monthly
ലക്കം-12

# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- വിശുദ്ധ കവാടങ്ങൾ ... 05
- ജൂബിലി വർഷാചരണം ... 10
- പാരിസ്ഥിക ഗ്രാമം ... 15
- യൗവനത്തിന്റെ ... 20
- അക്ഷരം പുസ്തകം ... 23
- വാർത്തയും ചിന്തയും ... 26


*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. അബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ
- ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ




EDITORIAL

# മറക്കരുത്, പ്രത്യാശയുടെ തീർത്ഥാടകരാണ് നാം

കത്തോലിക്കാസഭ 'മഹാജൂബിലി 2025' ന് ആരംഭം കുറിച്ചുകഴിഞ്ഞു. മാർപ്പാപ്പമാരുടേയും സഭാപ്രബോധനങ്ങളുടേയും പ്രവചനപരമായ നൈരന്തര്യ സ്വഭാവം ഇവിടെ ആദരവോടെ നാം ഓർമ്മിക്കേണ്ടതുണ്ട്. 'എത്താത്തീസ് നോവേ' അഥവാ 'പുതുയുഗപ്പുലരിയിൽ' എന്ന വത്തിക്കാൻ രേഖ പ്രസിദ്ധീകരിച്ചത് 1992 ഫെബ്രുവരിയിലാണ്. മഹാജൂബിലി 2025 ന്റെ ലോഗോയിൽ സഞ്ചരിക്കുന്ന ദൈവജനത്തിന്റെ സൂചക വരകളുണ്ട്. ഒത്തൊരുമയോടെ നീങ്ങുന്ന ദൈവജനവും, അവർ ആശ്രയമർപ്പിച്ചിട്ടുള്ള നിശ്ചലമല്ലാത്ത കുരിശും, ആ കുരിശിനടിയിൽ ക്രിസ്തുവിനെ സൂചിപ്പിക്കുന്ന നങ്കൂരത്തിന്റെ ചിത്രവുമെല്ലാം പ്രത്യാശനിറഞ്ഞ നമ്മുടെ തീർത്ഥാടനത്തെയാണ് ലോകത്തിനു മുന്നിൽ അനാവരണം ചെയ്യുന്നത്.

'കൊമ്മ്യൂണിയോ എത്ത് പ്രോഗ്രസിയോ' എന്ന പേരിലുള്ള കൗൺസിൽ രേഖയുടെ സമാപനവാക്യങ്ങൾ നമുക്ക് മറക്കാതിരിക്കാം: "ദൈവജനം ചരിത്രത്തിൽ സഞ്ചരിക്കുന്നു. തങ്ങളുടെ കാലഘട്ടങ്ങളിൽ മുന്നോട്ടു പോകുമ്പോൾ, ബാഹ്യാകാശ യുഗത്തിലെ സമ്പർക്ക വികസനത്തിനു നൽകാൻ കഴിയുന്ന എന്തിനേയും അവർ വിശ്വാസത്തോടും ചിലപ്പോൾ ആവേശത്തോടും കൂടെ ഉറ്റുനോക്കുന്നു".

മാധ്യമങ്ങളുടെ വ്യക്ത്യാധിഷ്ഠിതവും സാമൂഹികപരവുമായ ഇടർച്ചകളെ സഭ മുൻകൂട്ടി കണ്ടിരുന്നതായി വിശുദ്ധ ജോൺ പോൾ പാപ്പയുടെ 'ചെന്തേസീമുസ് അന്നൂസ്" എന്ന രേഖ തന്നെ സാക്ഷ്യം വഹിക്കുന്നു. (നമ്പർ 41) ആ വാക്കുകൾ ഇങ്ങനെ: "മതനിഷേധം, ഉപഭോക്തൃത്വവാദം, ഭൗതിക വാദം, മാനുഷികത ഇല്ലാതാക്കൽ, ദരിദ്രരുടെയും അവഗണിക്കപ്പെട്ടവരുടെയും ദയനീയാവസ്ഥയോടുള്ള നിർവികാരതയും നിസ്സംഗതയും മാനവപുരോഗതിയെ തന്നെ പിന്നാക്കം വലിക്കുന്നുണ്ട്."



സമൂഹത്തിന്റെ നേർക്കണ്ണാടിക്കാഴ്ചയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് പ്രവാചക തീക്ഷ്ണതയോടെ മുൻകൂട്ടിത്തന്നെ ചൂണ്ടിക്കാണിക്കാൻ കത്തോലിക്കാസഭയ്ക്ക് കഴിയുന്നുവെന്നത്, നമ്മുടെ ഹൃദയങ്ങളിൽ ചൊരിയപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ദർശനസുകൃതങ്ങൾ തന്നെയല്ലേ? പ്രത്യാശയുടെ തീർത്ഥാടകരെന്ന നിലയിൽ, ദൈവതിരുസന്നിധിയെ ലക്ഷ്യമാക്കി നമുക്ക് ഒരുമിച്ച് കൈകോർത്ത് നീങ്ങാം.❍

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ




# വിശുദ്ധ കവാടങ്ങൾ തുറന്നു; ജൂബിലിയുടെ പുണ്യകാലം

**SPECIAL REPORT**

**ബാബു കദളിക്കാട്**



വത്തിക്കാൻ സിറ്റി: സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഇരുപത്തിയഞ്ചു വർഷത്തിലൊരിക്കൽ മാത്രം തുറക്കുന്ന വിശുദ്ധ കവാടം ഫ്രാൻസിസ് മാർപാപ്പ തുറന്നതോടെ ആഗോള കത്തോലിക്കാ സഭയുടെ ജൂബിലി വർഷാചരണത്തിന് തുടക്കമായി.ക്രിസ്തുമസ് രാവിൽ വിശുദ്ധ കുർബാനയ്ക്ക് തൊട്ടുമുമ്പായി ഇന്ത്യൻ സമയം രാത്രി 11.30 നായിരുന്നു വിശുദ്ധ കവാടം തുറക്കുന്ന ചടങ്ങ് ഒരിക്കൽ കൂടി ചരിത്രത്തിന്റെ ഭാഗമായത്.


വീൽചെയറിൽ ഇരുന്നു ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ വാതിലിൽ മുട്ടിയപ്പോൾ സഹായികൾ വാതിലിന്റെ ഇരുവശവും തുറന്നു. ആ സമയം സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ മണികൾ താളാത്മകമായി മുഴങ്ങി. തുടർന്ന് ഫ്രാൻസിസ് പാപ്പ വിശുദ്ധ വാതിലിന് മുൻപിൽ കുറച്ചുനേരം നിശ്ശബ്ദമായി പ്രാർത്ഥിച്ചു.'പ്രതീക്ഷയുടെ തീർത്ഥാടകർ' എന്ന ജൂബിലി ഗാനം ഗായക സംഘം ആലപിക്കവേ കർദ്ദിനാൾമാർ, ബിഷപ്പുമാർ, വൈദികർ, ക്രിസ്മസ് കുർബാനാ ശുശ്രൂഷകർ, മറ്റ് ക്രിസ്ത്യൻ സഭകളുടെ പ്രതിനിധികൾ, അഞ്ച് ഭൂഖണ്ഡങ്ങളിൽ നിന്നുള്ള കത്തോലിക്കർ എന്നിവർ അവരുടെ രാജ്യങ്ങളിൽ നിന്നുള്ള പരമ്പരാഗത വസ്ത്രം ധരിച്ച് വിശുദ്ധ വാതിലിലൂടെ ബസിലിക്കയിലേക്ക് കടന്നു. 'ഓ ക്രിസ്തുവേ, പ്രഭാതത്തിന്റെ ഉജ്ജ്വല നക്ഷത്രമേ, അനന്ത സ്നേഹത്തിന്റെ അവതാരമേ, ലോകത്തിന്റെ ഏക പ്രത്യാശയേ, നിന്റെ പ്രഭയേറിയ തേജസ്സുകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കണ



മേ' എന്ന പ്രാർത്ഥനയോടെയാണ് പാപ്പാ വിശുദ്ധ വാതിൽ തുറന്നത്. 'കൃപയുടെയും അനുരഞ്ജനത്തിന്റെയും ഈ സമയത്ത് ഞങ്ങൾ അങ്ങയുടെ കാരുണ്യത്തിൽ മാത്രം ആശ്രയിക്കുകയും പിതാവിലേക്ക് നയിക്കുന്ന വഴി ഒരിക്കൽ കൂടി കണ്ടെത്തുകയും ചെയ്യട്ടെ. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി ഞങ്ങളുടെ ആത്മാക്കളെ തുറക്കുക. അവൻ ഞങ്ങളുടെ ഹൃദയത്തിന്റെ കാഠിന്യം മയപ്പെടുത്തട്ടെ. ശത്രുക്കൾ വീണ്ടും പരസ്പരം സംസാരിക്കും. എതിരാളികൾ കൈകോർത്തേക്കാം, ജനങ്ങൾ ഒരുമിച്ച് കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നു.' യുദ്ധവും അക്രമവും തകർക്കപ്പെട്ട എല്ലാ സ്ഥലങ്ങളിലും പ്രത്യാശ പകരാൻ ക്രിസ്മസിന് ആകട്ടെയെന്ന് തുടർന്നുള്ള ക്രിസ്മസ് ദിന സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. അനീതികളെ നേരിടാനുള്ള ധൈര്യവും പുതിയ ലോകത്തിനായുള്ള ശ്രമവും ഉണ്ടാകണമെന്നും പാപ്പ തുടർന്ന് പറഞ്ഞു.

**വിശുദ്ധ കവാടം എന്ന 'പോർത്ത സാന്ത'**

ഇറ്റാലിയൻ ഭാഷയിൽ 'പോർത്ത സാന്ത' എന്നറിയപ്പെടുന്ന വിശുദ്ധ കവാടം സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മുൻഭാഗത്ത് കാണുന്ന അഞ്ചു വാതിലുകളിൽ വടക്കേ അറ്റത്തുള്ള വലിയ വാതിലാണ്. ജൂബിലി ആചരണത്തോടനുബന്ധിച്ച് മാത്രം തുറക്കുന്ന ഈ വാതിൽ മാർപാപ്പയുടെ പൂർണ്ണ അധീനതയിലാണ്. ഇത് അടയ്ക്കാനും തുറക്കാനുമുള്ള ഏക അധികാരം പാപ്പായ്ക്ക് മാത്രമാണ്.വിശുദ്ധ കവാടം തുറക്കുന്നതിനായി പാപ്പാ മൂന്ന് തവണ കവാടത്തിന്റെ മുൻഭാഗത്ത് വാതിൽ പാളികളിൽ ചുറ്റിക കൊണ്ട് മുട്ടുന്നു. തുടർന്ന് ജോലിക്കാർ മതിൽ പൊളിച്ച് മാറ്റുന്നു. ശേഷം രണ്ടു പാളികൾ പാപ്പാ തള്ളിത്തുറക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം, 1975– ലെ ജൂബിലിയോടനുബന്ധിച്ച് ചുറ്റുമതിൽ പൊളിക്കുമ്പോൾ അന്നത്തെ പോൾ ആറാമൻ പാപ്പായുടെ മേൽ സിമന്റ്




പാളി തെറിച്ചു വീണത് ഏറെ പരിഭ്രാന്തി ഉളവാക്കിയിരുന്നു. ഈ അനിഷ്ട സംഭവത്തെ തുടർന്ന് ജോൺപോൾ രണ്ടാമൻ മാർപാപ്പ പതിവു രീതികളിൽ മാറ്റം വരുത്തി. ജൂബിലി കവാടം തുറക്കാൻ പാപ്പാ എത്തുന്നതിനു മുൻപ് തന്നെ ജോലിക്കാർ ചുറ്റുമതിൽ പൊളിച്ചു വെക്കുന്നു. തുറന്ന വിശുദ്ധ കവാടത്തിലൂടെ ആദ്യം പ്രവേശിക്കുന്നത് പാപ്പാ തന്നെയാണ് ശേഷം നവകർദിനാളന്മാരും മറ്റുള്ളവരും പ്രവേശിച്ച് പത്രോസ്– പൗലോസ് ശ്ലീഹന്മാരുടെ തിരുശേഷിപ്പുകൾ വണങ്ങും. റോമിലെ ഇതര പേപ്പൽ ബസിലിക്കകളായ വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കയുടെ വിശുദ്ധ വാതിൽ ഡിസംബർ 29–നു തുറന്നു. വിശുദ്ധ മേരി മേജർ ബസിലിക്കയുടെയും വിശുദ്ധ പൗലോസിന്റെ ബസിലിക്കയുടെയും വിശുദ്ധ വാതിലുകളും തുറക്കപ്പെടും. വിശുദ്ധ ജോൺപോൾ രണ്ടാമൻ മൂന്നാം സഹസ്രാബ്ദത്തിന് തുടക്കം കുറിച്ചുകൊണ്ട് നാലു വിശുദ്ധ വാതിലുകളും 2000 –ത്തിൽ സ്വയം തുറന്നു. രണ്ടരക്കോടി തീർഥാടകരാണ് അന്ന് ഇവിടെ എത്തിയത്. പ്രാരംഭഘട്ടത്തിൽ നൂറ്റാണ്ടിൽ ഒരിക്കലും പിന്നീട് 50 വർഷത്തിലും ആചരിച്ചിരുന്ന ജൂബിലി, 1470– ൽ പോൾ രണ്ടാമൻ പാപ്പായാണ് നിലവിലുള്ള 25 വർഷമാക്കിയത്. എങ്കിലും ചില പ്രത്യേക സന്ദർഭങ്ങളിൽ നിശ്ചിത കാലയളവിൽ മാർപാപ്പയ്ക്ക് മാറ്റം വരുത്താൻ കഴിയും. 2015– ൽ ഫ്രാൻസിസ് പാപ്പാ അനിതരസാധാരണമായ ജൂബിലി വർഷം പ്രഖ്യാപിച്ചുകൊണ്ട്– ദ ഇയർ ഓഫ് മേഴ്സി– സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ കവാടം തുറന്നപ്പോൾ മൂന്നു കോടിയിൽ അധികം തീർഥാടകർ കടന്നുപോയതായാണ് കണക്ക്.

## കാരാഗൃഹത്തിലും വിശുദ്ധ വാതിൽ

ജൂബിലി വർഷത്തോടനുബന്ധിച്ച് റോമിലെ റെബീബിയയിലുള്ള കാരാഗൃഹത്തിലും ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ വാതിൽ തുറന്നു. സഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു വിശുദ്ധ വാതിൽ തടവറയിൽ തുറക്കുന്നത്. സഭയിലെ പ്രഥമ രക്തസാക്ഷിയായ വിശുദ്ധ സ്റ്റീഫന്റെ തിരുനാൾ ദിനമായ ഡിസംബർ 26 നാണ് പാപ്പാ റെബീബിയ തടവറയുടെ പുതിയ വിഭാഗത്തിൽ വിശുദ്ധ വാതിൽ തുറന്നത്. മുൻകൂട്ടി തയ്യാറാക്കിയി

രുന്ന സുവിശേഷ പ്രഭാഷണം മാറ്റിവച്ച പാപ്പാ മനോധർമ്മമനുസരിച്ച് തടവുകാരോട് ചിന്തകൾ പങ്കുവെച്ചു. വിശുദ്ധ വാതിൽ തുറക്കുക എന്നാൽ ഹൃദയം തുറക്കുക എന്നാണ് അർത്ഥമാക്കുന്നത് എന്ന് പാപ്പാ പറഞ്ഞു. അതാണ് സാഹോദര്യം ഉളവാക്കുന്നത്. അടഞ്ഞ കഠിന ഹൃദയങ്ങൾ മികച്ച ജീവിതത്തിന് ഉപകരിക്കില്ലെന്ന് പ്രസ്താവിച്ച പാപ്പാ ഈ ജൂബിലിയുടെ അനുഗ്രഹം പ്രത്യാശയിലേക്ക് ഹൃദയം തുറക്കുക എന്നതാണെന്ന് ഉദ്ബോധിപ്പിച്ചു. മോശമായ കാര്യങ്ങളെക്കുറിച്ച ചിന്തിച്ച് 'എല്ലാം കഴിഞ്ഞെന്ന് വിചാരിച്ചാൽ' ഒന്നും പരിഹരിക്കാനാകില്ല. എന്നാൽ പ്രത്യാശ നിരാശപ്പെടുത്തില്ലെന്നും പാപ്പാ കൂട്ടിച്ചേർത്തു. നമ്മുടെ പ്രത്യാശ ഭൂമിയിലെ നങ്കൂരം പോലെയാണെന്നും നങ്കൂരത്തിന്റെ കയറിലായിരിക്കണം നാം കൈപിടിക്കേണ്ടതെന്നും പാപ്പ പറഞ്ഞു. മറ്റൊന്ന് നമ്മുടെ ഹൃദയ വാതിൽ എപ്പോഴും മലർക്കെ തുറന്നിടലാണെന്ന് അനുസ്മരിച്ച പാപ്പാ പ്രത്യാശയെ മുറുകെപ്പിടിക്കണമെന്ന് ഓർമ്മിപ്പിച്ചു.വിശ്വാസികൾക്ക് വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കാനും പുണ്യപ്രവൃത്തികൾ ചെയ്യാനും അവരുടെ പാപങ്ങൾ മോചിക്കുവാനുമുള്ള പ്രത്യേക അവസരവുമാണ് ജൂബിലി.

## ജൂബിലി ആചരണത്തിന്റെ തുടക്കം 1300 ൽ

1300 ൽ ബോണിഫെസ് എട്ടാമൻ മാർപാപ്പയുടെ കാലത്താണ് ജൂബിലി ആചരണത്തിന് തുടക്കമിട്ടത്. അന്ന് ആദ്യമായി വിശുദ്ധ കവാടം നിർമ്മിച്ചതും തുറന്നതും സെന്റ് ജോൺ ലാറ്ററൻ ബസിലിക്കയിൽ ആയിരുന്നു. ആഗോളതലത്തിൽ പള്ളികളുടെ മാതൃസ്ഥാനം കൽപ്പിക്കപ്പെടുന്ന ഈ കത്തീഡ്രൽ ദൈവാലയം റോമിന്റെ മെത്രാൻ കൂടിയായ മാർപാപ്പയുടെ രൂപതാ ആസ്ഥാന ദൈവാലയവുമാണ്. പിന്നീട് 1499– ൽ ഗ്രിഗറി എട്ടാമൻ പാപ്പാ സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ്, സെന്റ് മേരി മേജർ ബസിലിക്കകളിലും വിശുദ്ധ കവാടങ്ങൾ സ്ഥാപിച്ചു. ഇതിൽ ഏറ്റവും സവിശേഷ നിർമിതി വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലേതു തന്നെയാണ്. ഭിത്തി കെട്ടി പിൻഭാഗം സിമന്റ് ചെയ്തിട്ടുള്ള വിശുദ്ധ വാതിലിന്റെ മുൻഭാഗത്ത് 16 ചെറുപാളികൾ ചേർത്ത് മരത്തിലുള്ള വലിയ രണ്ട് വാതിൽ പാളികളായി അതിമനോഹരമായി നിർമിച്ചിരിക്കുന്നു. രക്ഷാകരചരിത്രത്തിലെ ശ്രദ്ധേയമായ രംഗങ്ങൾ വെങ്കലത്തകിടിൽ കലാപരമായി അനാവരണം ചെയ്തിട്ടുണ്ട് ഇവിടെ. 2026 ജനുവരി ആറിന് യേശുവിന്റെ പ്രത്യക്ഷീകരണ തിരുനാൾ ദിനത്തിൽ ജൂബിലി വർഷം ഔദ്യോഗികമായി സമാപിക്കുമ്പോൾ വിശുദ്ധ കവാടം അടയ്ക്കുന്നതോടെ, പിൻഭാഗം ഭിത്തി കെട്ടി അടയ്ക്കപ്പെടും. ജൂബിലി പ്രമാണ രേഖകൾ, സ്മരണികകൾ, ജൂബിലി നാണയങ്ങൾ എന്നിവ ഭദ്രമായി ഇതിനോട് ചേർത്ത് സിമന്റ് ചെയ്ത് സൂക്ഷിക്കുന്നു.

ക്രിസ്തുവാകുന്ന വാതിലിലൂടെ പ്രവേശിച്ച് പാപത്തിൽനിന്നു വിമോചിതരായി ദൈവകൃപയിലൂടെ മോക്ഷം നേടാനുള്ള ക്ഷണത്തിന്റെ സൂചിക, അതാണ് വിശുദ്ധ കവാടം. ദൈവകൃപയിലൂടെ മോക്ഷം നേടാനുള്ള വിശുദ്ധ വാതിലിൽ പ്രവേശിക്കാൻ അഗാധമായ വിശ്വാസവും തീക്ഷ്ണമായ പ്രാർഥനയും, കൂടാതെ ദാനധർമ്മം, പുണ്യപ്രവൃത്തികൾ, കഴിയുന്നത്ര ചെറുതും വലുതുമായ തീർഥാടന യാത്രകൾ എന്നിവയും സഭ നിഷ്കർഷിക്കുന്നു. കുമ്പസാരം എന്ന കൂദാശയിലൂടെ അനുതപിച്ച് ആത്മീയശുദ്ധി വരുത്തി വേണം അനുരഞ്ജനത്തിനു മുൻപിൽ തുറക്കപ്പെടുന്ന വിശുദ്ധ വാതിലിലൂടെ പ്രവേശിച്ച് ദണ്ഡവിമോചനവും ആത്മീയ അനുഗ്രഹങ്ങളും പ്രാപിക്കാൻ. ❍




# ഫാ. തോമസ് തറയിൽ
## കെ സി ബി സി ഡെപ്യൂട്ടി സെക്രട്ടറിയും
## പി ഒ സി ഡയറക്ടറും



കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയും പിഒസി ഡയറക്ടറുമായി റവ. ഫാ. തോമസ് തറയിലിനെ നിയമിച്ചു. കെ ആർ എൽ സി സി ജനറൽ സെക്രട്ടറി ആയിരിക്കെയാണ് പുതിയ നിയമനം ഫാദർ തറയിൽ വിജയപുരം രൂപത അംഗമാണ് .ഡിസംബർ 21–ന് അദ്ദേഹം സ്ഥാനമേറ്റെടുത്തു.

## ഫാ. മിൽട്ടൺ സെബാസ്റ്റ്യൻ മീഡിയ കമ്മീഷൻ സെക്രട്ടറി



മീഡിയാ കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ. മിൽട്ടൺ സെബാസ്റ്റ്യൻ കളപ്പുരക്കലും (ആലപ്പുഴ രൂപത) യൂത്ത് കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ. ഡിറ്റോ കൂലയും (തൃശ്ശൂർ അതിരൂപത) ലേബർ കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ അരുൺ വലിയതാഴത്തും (കോതമംഗലം രൂപത) വിമൻസ് കമ്മീഷൻ സെക്രട്ടറിയായി ഡോ. ജിബി ഗീവർഗീസും (തിരുവനന്തപുരം മലങ്കര അതിരൂപത) കെസിഎസ്എൽ ജനറൽ ഡയറക്ടറായി റവ. ഫാ. ആന്റണി ലിജോ ഓടത്തെക്കലിനെയും (വരാപ്പുഴ അതിരൂപത) നിയമിച്ചു.











# ജൂബിലി വർഷാചരണം യേശുവെന്ന ലക്ഷ്യത്തിലേക്കുള്ള യാത്ര : ഫ്രാൻസിസ് പാപ്പ

SPECIAL REPORT



**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

**വത്തിക്കാൻ സിറ്റി:** വീണ്ടെടുപ്പിന്റെയും, പുനർജന്മത്തിന്റെയും ദൈവിക വേളയാകട്ടെ ജൂബിലി വർഷമെന്ന് ഫ്രാൻസിസ് മാർപാപ്പ. പഴയനിയമത്തിൽ ആഘോഷിക്കപെട്ട ജൂബിലി വർഷത്തിന്റെ പ്രതീകാത്മക സ്വഭാവമുള്ള തിരഞ്ഞെടുപ്പുകൾ ഇന്നും ഏറെ പ്രസക്തമാണ്. നാം ആയിരിക്കുന്ന ദേശം ദൈവത്തിന്റേതാണെന്നതും, അതിനെ ഏറെ വിലമതിക്കണമെന്നതും ഓർമ്മിക്കണം. അസമത്വങ്ങൾക്കും, അനീതികൾക്കുമെതിരെ പ്രതികരിക്കുവാനും ജൂബിലി വർഷം ആഹ്വാനം ചെയ്യുന്നതായി ഇറ്റാലിയൻ ദിനപത്രമായ 'ഇൽ മെസ്സജേരോ'യിലൂടെ പ്രസിദ്ധീകൃതമായ ജൂബിലി വർഷ ചിന്തകളിൽ പാപ്പാ ചൂണ്ടിക്കാട്ടി. എല്ലാ അടിമത്തത്തിൽ നിന്നും മോചിപ്പിക്കാനും അന്ധരുടെ കണ്ണുകൾ തുറക്കാനും അടിച്ചമർത്തപ്പെട്ടവരെ സ്വതന്ത്രരാക്കാനുമായി ഭൂമിയിലേക്ക് കടന്നുവന്ന യേശുവിൽ കേന്ദ്രീകൃതമായ പ്രതീക്ഷകളാൽ അടയാളപ്പെടുത്തിയ ഒരു യാത്രയ്ക്കുവേണ്ടിയാണ് ഈ ജൂബിലി വർഷം നമ്മെ ക്ഷണിക്കുന്നതെന്നും ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. ദൈവത്തെയും, മറ്റുള്ളവരെയും കാണാനും കർത്താവിനെ കണ്ടുമുട്ടിയതിന്റെ സന്തോഷം പുനരുജ്ജീവിപ്പിക്കാനും അങ്ങനെ പ്രത്യാശയുടെ അടയാളത്തിൽ ജീവിതയാത്ര പുനരാരംഭിക്കാനും പാപ്പാ എല്ലാവരെയും ആഹ്വാനം

ചെയ്തു. ക്രിസ്മസ് രാത്രിയിൽ തുറന്ന വിശുദ്ധ വാതിൽ, ക്രിസ്തുവുമായുള്ള കണ്ടു മുട്ടലിലൂടെ നമുക്ക് വാഗ്ദാനം ചെയ്യുന്ന പുതുജീവിതത്തിലേക്ക് പ്രവേശനമേകുന്ന പാതയിലേക്കുള്ളതാകണം – പാപ്പാ ആശംസിച്ചു. ജൂബിലി വർഷത്തിൽ, നിത്യന ഗരമായ റോമിലേക്ക് കടന്നുവരുന്ന തീർത്ഥാടകർക്ക്, സ്വാഗതം ഏകുന്നതിനും ആതിഥ്യമരുളുന്നതിനുമുള്ള വിശ്വാസികളുടെ കടമയെയും പാപ്പാ ഓർമ്മിപ്പിച്ചു. ഭാവിയുടെ പ്രവചനാതീതതയെ അഭിമുഖീകരിക്കുമ്പോൾ അവിശ്വാസത്തിനും സംശയത്തിനും മരണത്തിനും വഴങ്ങാതിരിക്കാനുള്ള പ്രതീക്ഷ നമ്മുടെയുള്ളിൽ ജ്വലിക്കണം; അതിനു ഹേതുവാകത്തക്കവണ്ണം ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിനും പാപ്പാ ഏവരെയും ക്ഷണിച്ചു.

## രക്ഷയുടെ വാതിലാണ് യേശുനാഥൻ

നസ്രത്തിലെ തിരുക്കുടുംബത്തിന്റെ സഹോദരിമാർ എന്ന സന്യസ്തസമൂഹത്തി ന്റെ പ്രതിനിധികൾക്ക് വത്തിക്കാനിൽ സ്വകാര്യകൂടിക്കാഴ്ച അനുവദിച്ച വേളയിലും ജൂബിലി വർഷത്തിന്റെ പ്രത്യേകതകൾ പാപ്പാ എടുത്തുപറഞ്ഞു.നമ്മുടെ ജീവിത ത്തെക്കുറിച്ചുള്ള വിചിന്തനത്തിന്റെയും കണക്കെടുപ്പിന്റെയും സമയമാണ് ജൂബിലി; പരിശുദ്ധാത്മാവ് ഇന്ന് നമ്മോട് എന്തൊക്കെ പറയുന്നുവെന്നറിയാനുള്ള സമ യവുമാണ്. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ഏറ്റവും പ്രസക്തമാകട്ടെ അമൂല്യമായ ഈ സമയം. തുറന്ന മനസ്സോടെ നമ്മുടെ രക്ഷയുടെ വാതിലായ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിനായുള്ള പ്രത്യേക അവസരം കൂടിയാണ് ജൂബിലി യുടേതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

## പുതിയ പ്രബോധനപരമ്പരയ്ക്ക് തുടക്കം

വത്തിക്കാനിലെ പ്രതിവാര പൊതുകൂടിക്കാഴ്ചകളിൽ ജൂബിലി വർഷത്തേക്കായി ഫ്രാൻസിസ് പാപ്പാ പുതിയ പ്രബോധനപരമ്പരയ്ക്ക് തുടക്കം കുറിച്ചു. ജൂബിലിയുടെ ആപ്തവാക്യമായ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതിനെ മുൻനിർത്തി 'യേ ശുക്രിസ്തു നമ്മുടെ പ്രത്യാശ' എന്ന ശീർഷകമാണ് പാപ്പാ പരമ്പരയ്ക്ക് നല്കി യിരിക്കുന്നത്. 'വാസ്തവത്തിൽ, നമ്മുടെ തീർത്ഥാടനത്തിന്റെ ലക്ഷ്യസ്ഥാനം അവനാണ്, അവൻ തന്നെയാണ് വഴി, സഞ്ചാര പാത.'– ഈ പരമ്പരയിലെ ആദ്യ പ്രബോധനത്തിൽ പാപ്പാ പറഞ്ഞു. ഇത്തവണത്തെ സ്വർഗ്ഗാരോഹണ തി രുനാളിന്റെ ആഘോഷപൂർവ്വമായ സന്ധ്യാ പ്രാർത്ഥനാ മദ്ധ്യേയായിരുന്നു 2025 ൽ നടക്കാനിരിക്കുന്ന ജൂബിലി വർഷ പ്രഖ്യാപനം ഫ്രാൻസിസ് പാപ്പാ പ്രഖ്യാപി ച്ചത്. 'പ്രത്യാശ നിരാശപ്പെടുത്തുന്നില്ല' എന്ന ജൂബിലി സ്ഥാപന ബൂള പേപ്പൽ ബസിലിക്കകളിലെ മഹാപുരോഹിതന്മാർക്കും സുവിശേഷവൽക്കരണത്തിനായു ള്ള ഡിക്കാസ്റ്ററിയുടെ തലവന്മാർക്കും ആഗോള മെത്രാന്മാരുടെ പ്രതിനിധികൾ ക്കും തൽസമയം നൽകുകയും ചെയ്തു. ജൂബിലി വർഷം 2024 ലെ തിരുപ്പിറവി തിരുനാൾ രാത്രി വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ വിശുദ്ധ കവാടം തു റക്കുന്ന കർമ്മത്തിലൂടെ ആരംഭിക്കുമെന്നും ഡിസംബർ 29ന് റോമിന്റെ കത്തീ ഡ്രൽ ദേവാലയമായ സെന്റ്. ജോൺ ലാറ്ററൻ ബസിലിയുടെ വിശുദ്ധ കവാടവും തുറക്കുമെന്നും പാപ്പാ അറിയിച്ചിരുന്നു. അന്ന് തന്നെ ലോകം മുഴുവനുമുള്ള കത്തീഡ്രലുകളിൽ പ്രാദേശിക മെത്രാന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ ജൂബിലി ആരംഭിച്ചു കൊണ്ടുള്ള ദിവ്യബലി അർപ്പിക്കപ്പെടണമെന്നും വ്യക്തമാക്കിയിരുന്നു. 2025 ജനുവരി ഒന്നിന് ദൈവമാതാവായ മറിയത്തിന്റെ തിരുനാൾ ദിവസം



ഫ്രാൻസിസ് പാപ്പാ മരിയ മേജർ ബസിലിക്കയുടെ വിശുദ്ധ കവാടം തുറക്കും. പ്രത്യക്ഷീകരണ തിരുനാളിന്റെ തലേന്നാൾ ജനുവരി അഞ്ചിനായിരിക്കും വി. പൗലോസിന്റെ നാമത്തിലുള്ള ബസിലിക്കയുടെ വിശുദ്ധ കവാടം തുറക്കുന്ന കർമ്മം. ജൂബിലി വർഷത്തിൽ ദൈവകൃപയിലുള്ള പ്രത്യാശയിൽ ദൈവം ജനത്തെ മുഴുവൻ പങ്കുചേർക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കണമെന്ന് പാപ്പാ നിർദ്ദേശിച്ചിട്ടുണ്ട്. റോമിലെ ജൂബിലി വർഷ സമാപനം 2026 ജനുവരി 6 ന് പ്രത്യക്ഷീകരണ തിരുനാളിലായിരിക്കും.

## പ്രത്യാശയിൽ നാം നവീകൃതരാകണം

പ്രത്യാശിക്കുക എന്നാലെന്തെന്ന് എല്ലാവർക്കുമറിയാം. ഭാവിയെന്തെന്ന് അറിയില്ലെങ്കിലും എല്ലാ മനുഷ്യഹൃദയങ്ങളിലും വരാനിരിക്കുന്ന നല്ല കാര്യങ്ങൾക്കായുള്ള ആഗ്രഹം ഉണ്ട്. പ്രത്യാശയിൽ നവീകൃതരാകാനുള്ള ഒരവസരമാകട്ടെ ജൂബിലി – ഫ്രാൻസിസ് പാപ്പാ 'പ്രത്യാശ നിരാശപ്പെടുത്തുന്നില്ല' എന്ന ബൂളയിൽ ആഗ്രഹം പ്രകടിപ്പിച്ചു. പരമ്പരാഗതമായി ജീവിതത്തിന്റെ അർത്ഥം തേടി നടത്തുന്ന തീർത്ഥാടനം ജൂബിലിയുടെ അടിസ്ഥാനപരമായ സംഭവമാണ്. സൃഷ്ടിയുടെ മഹത്വം കണ്ട് നടത്തുന്ന ആ യാത്ര ദൈവത്തിന്റെ കരവേലയെ സ്തുതിക്കാനും നന്ദി പറയുവാനുമുള്ള അവസരമാണ്. വർഷം മുഴുവനും ലഭ്യമാകത്തക്കവിധം വിവിധ പ്രാദേശിക സഭകളോട്ട കുമ്പസാരക്കാരെയും അനുരഞ്ജന കൂദാശയ്ക്കായി വിശ്വാസികളെയും ഒരുക്കാൻ പാപ്പാ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രത്യേക തരത്തിൽ ജൂബിലിയിൽ പങ്കുചേരാൻ പൗരസ്ത്യ സഭകളോടഭ്യർത്ഥിച്ച പാപ്പാ അക്രമങ്ങളും അസ്ഥിരതകളും മൂലം 'കുരിശിന്റെ വഴി ഏറ്റെടുക്കേണ്ടി വരുന്ന' സ്വന്തം നാട്ടുവിടേണ്ടി വരുന്നവരേയും അനുസ്മരിച്ചു. പ്രത്യാശയുടെ പ്രകാശം എല്ലാവർക്കുമായുള്ള



സ്നേഹ സന്ദേശമായി സകലജനങ്ങളെയും പ്രകാശിപ്പിക്കുന്നതാകണം. സഭ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ സന്ദേശത്തിനു വിശ്വസ്ത സാക്ഷ്യമേകണം. വർദ്ധിച്ചു വരുന്ന അക്രമങ്ങളും സംഘർഷങ്ങളും നൽകുന്നതു 'കാലത്തിന്റെ അടയാളങ്ങൾ' ആണ്. ലോകസമാധാനം വീണ്ടെടുക്കാനാകണം. പല രാജ്യങ്ങളുമഭിമുഖീകരിക്കുന്ന ജനസംഖ്യാപരമായ ശിശിരം പരാമർശിച്ച പാപ്പാ പ്രത്യാശ വളർത്താനുതകുന്ന ഒരു സാമൂഹിക ഉടമ്പടിക്കായും ആഹ്വാനം നടത്തി. ജൂബിലി വർഷത്തിന്റെ പാരമ്പര്യത്തിൽ ഉണ്ടായിരുന്ന പൊതുമാപ്പിന്റെ കാര്യം ഓർമ്മിപ്പിച്ചു കൊണ്ട് തടവുകാർക്ക് പൊതുമാപ്പു നൽകാനുള്ള ആവശ്യവും പാപ്പാ മുന്നോട്ടുവച്ചിരുന്നു. തടവുകാരെ പ്രത്യാശയോടെയും വിശ്വാസത്തോടെയും കൂടി ഭാവിയെ നോക്കാൻ ക്ഷണിക്കുന്നതിനായി വ്യക്തിപരമായി ജയിലുകളിൽ ഒരു വിശുദ്ധ കവാടം തുറക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു കൊണ്ട്, തടവുകാരോടുള്ള പെരുമാറ്റത്തിൽ അവരുടെ അവകാശങ്ങളും അന്തസ്സും മാനിക്കാനും, മരണശിക്ഷ നിർത്തലാക്കാനും പാപ്പാ അഭ്യർത്ഥിച്ചു. രോഗികൾക്കും, യുവാക്കൾക്കും വൃദ്ധർക്കും പ്രത്യേകിച്ച് മുത്തശ്ശിമുത്തച്ഛന്മാർക്കും, കുടിയേറ്റക്കാർക്കും ദരിദ്രർക്കും പ്രത്യാശ പകരേണ്ട കാര്യങ്ങളും ബൂളയിലുണ്ട്. ഭൂമിയുടെ ഫലങ്ങൾ എല്ലാവർക്കും വേണ്ടിയുള്ളതാണെന്നതു കണ്ടറിഞ്ഞ്, ദരിദ്രരെ സഹായിക്കാൻ എല്ലാവർക്കും ചുമതലയുണ്ട്. കടങ്ങൾ തിരിച്ചടക്കാൻ കഴിയാത്ത രാഷ്ട്രങ്ങളുടെ കടങ്ങൾ എഴുതിത്തള്ളാൻ സമ്പദ് രാജ്യങ്ങളോട് പാപ്പാ ആവശ്യപ്പെട്ടു. ആദ്യത്തെ എക്യുമേനിക്കൽ കൗൺസിലിന്റെ 1700 ാമത് വാർഷികം ഓർമ്മിച്ച പാപ്പാ 2025 ക്രൈസ്തവ ഐക്യത്തിന് നവീകരിച്ച ശ്രമങ്ങൾ നടത്താനും സിനഡാലിറ്റിയുടെ പ്രത്യക്ഷമായ പ്രകടനങ്ങൾ വ്യക്തമാക്കുവാനും ആഹ്വാനമേകിയിരുന്നു. എല്ലാ ക്രൈസ്തവരും ഒരുമിച്ചുള്ള ഒരു ഉയിർപ്പു തിരുനാൾ 2025 ൽ ആഘോഷിക്കുന്നതിനുള്ളശ്രമങ്ങളിൽ പുരോഗതിയുണ്ടാകട്ടെ എന്നും പ്രത്യാശ പ്രകടിപ്പിച്ചു.ക്രൈസ്തവന്റെ പ്രത്യാശ, ഓരോ വ്യക്തിക്കും വേണ്ടിയുള്ള ക്രിസ്തുവിന്റെ മരണ- ഉത്ഥാനത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്. സ്വർഗ്ഗത്തിൽ ദൈവവുമായുള്ള ഐക്യമാണ് അതിന്റെ ലക്ഷ്യം. ദൈവത്തിന്റെ കരുണയാലാണ് നാം രക്ഷിക്കപ്പെടുന്നതെന്നത് ദണ്ഡവിമോചനമെന്ന ദാനത്തിൽ പ്രതിഫലിക്കുന്നു. കുമ്പസാരം പാപങ്ങൾ കഴുകിക്കളയുമ്പോൾ, ദണ്ഡ വിമോചനം -ജൂബിലിയിലെ ദണ്ഡ വിമോചനം ഉൾപ്പെടെ - കുമ്പസാരത്തിൽ ക്ഷമിക്കപ്പെട്ട പാപങ്ങളുടെ ഫലങ്ങൾ നീക്കം ചെയ്യുന്നു. 'ദൈവത്തിലുള്ള നമ്മുടെ പ്രത്യാശ മങ്ങാത്ത ഒന്നായിരിക്കട്ടെ, വരുന്ന ജൂബിലി വർഷം' എന്ന ആശംസയോടെയാണ് ഫ്രാൻസിസ് പാപ്പാ ബൂള അവസാനിപ്പിക്കുന്നത്. അങ്ങനെ സഭയിലും സമൂഹത്തിലും, വ്യക്തി, അന്തർദേശീയ ബന്ധങ്ങളിലും എല്ലാ വ്യക്തികളുടെയും അന്തസ്സും ദൈവത്തിന്റെ സൃഷ്ടിയോടുള്ള ബഹുമാനവും അഭിവൃദ്ധിപ്പെടുത്തുവാനുള്ള നമ്മുടെ പരിശ്രമങ്ങൾ വീണ്ടെടുക്കാൻ സാധ്യമാകട്ടെ എന്നും പാപ്പാ പ്രത്യാശ പ്രകടിപ്പിച്ചു. ❍

# ക്രിസ്തുമസ് ആഘോഷം പി ഒ സി യിൽ



ക്രിസ്തുമസ് ആഘോഷ സദസ്സിൽ
കെ സി ബി സി പ്രസിഡന്റിനോടൊപ്പം പ്രമുഖർ.




പി ഒ സി യിലെ 52 മത്തെ പുൽക്കൂട് കർദിനാൾ ഉദ്ഘാടനം ചെയ്തപ്പോൾ. പുൽക്കൂട് സജ്ജീകരിച്ച ജി. ജോയ് സമീപം.



# ഒരുങ്ങുന്നു പാരിസ്ഥിതിക മഹാഗ്രാമം

SPECIAL REPORT



**ഡോ. എഡ്വേർഡ് എടേഴത്ത്**
യു എസ് എ

**വത്തിക്കാൻ സിറ്റി:** പാപ്പാമാരുടെ വേനൽക്കാല വസതിയായ കാസ്റ്റൽ ഗാൻഡോൾഫോയിലെ ചരിത്രപരമായ ഉദ്യാനത്തിൽ പാരിസ്ഥിതിക ഗ്രാമം നിർമ്മിക്കാനുള്ള തന്റെ പദ്ധതിയിൽ ഫ്രാൻസിസ് മാർപാപ്പ പദ്ധതി അതീവ താൽപ്പര്യമാണെടുക്കുന്നതെന്ന് ബന്ധപ്പെട്ട കേന്ദ്രങ്ങൾ വ്യക്തമാക്കി. 2025 ജൂബിലിയാചരണവേളയിൽ പദ്ധതി പൂർത്തിയാകുമെന്നും തീർത്ഥാടകർക്കും വിനോദസഞ്ചാരികൾക്കും 'പാരിസ്ഥിതിക പരിവർത്തന'ത്തിന്റെ ആഴത്തിലുള്ള അനുഭവത്തിൽ പങ്കെടുക്കാൻ കഴിയുമെന്നും സംഘാടകർ പറഞ്ഞു. പ്രകൃതിയിലെ ഹരിതാഭയും അതിന്റെ സാമൂഹിക വശവും വിശദമായി ഓർമിപ്പിച്ചുകൊണ്ടുള്ള 'ലൗദാത്തോ സി' എന്ന തന്റെ 2015 ലെ ചാക്രികലേഖനത്തിന്റെ അനുബന്ധമായാണ് ഫ്രാൻസിസ് പാപ്പാ പാരിസ്ഥിതിക ഗ്രാമ പദ്ധതി ആവിഷ്കരിച്ചത്. കോവിഡ് 19 മൂലമുണ്ടായ കാലതാമസത്തിന് ശേഷമാണ്, 2023 ഫെബ്രുവരിയിൽ പാപ്പാ 'ബോർഗോ ലൗദാത്തോ സി' പദ്ധതി ആരംഭിച്ചത്. സുസ്ഥിര കൃഷിയും പരിസ്ഥിതി സൗഹൃദ അധ്യാപന പരിപാടികളും സംയോജിപ്പിച്ച് പ്രത്യേകിച്ച് ദുർബലരായ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ലക്ഷ്യം വച്ചുള്ളതാണ് പദ്ധതി. സോളാർ പാനലുകളുടെ ഉപയോഗത്തിലൂടെ ഊർജ്ജ രംഗത്ത് സ്വയം സുസ്ഥിരത കൈവരിക്കുന്ന 'ബോർഗോ



ലൗദാത്തോ സി' ജലം പാഴാക്കാതിരിക്കുകയെന്നതിലും ഊന്നൽ നൽകുന്നു. ജലത്തെ ഒരു മൗലിക മനുഷ്യാവകാശമായി വിവരിക്കുന്നയാളാണ് ഫ്രാൻസിസ് പാപ്പാ. പരമാവധി മഴവെള്ളം ശേഖരിക്കാനും റീസൈക്കിൾ ചെയ്യാനും ഇവിടെ സംവിധാനമൊരുങ്ങുന്നു.എല്ലാ ആഭ്യന്തര ഗതാഗതവും ഇലക്ട്രിക് ആക്കാനുള്ള ശ്രമത്തിലാണ് സംഘാടകർ. ഉദ്യാനത്തിനുള്ളിൽ പ്ലാസ്റ്റിക് നിരോധിച്ചിരിക്കുന്നു.

## 146 ഏക്കറിൽ പൂന്തോട്ടങ്ങൾ

'സൃഷ്ടിയെ പരിപാലിക്കുന്നതിലെ സൗന്ദര്യം കഴിയുന്നത്ര ആളുകളുമായി പങ്കിടുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം,' ലൗദാത്തോ സി ഹയർ എജ്യുക്കേഷൻ സെന്റർ കമ്മ്യൂണിക്കേഷൻ കോർഡിനേറ്റർ ഡൊണാറ്റെല്ല പാരിസി പത്രപ്രവർത്തകരോട് പറഞ്ഞു. റോമിന് തെക്ക് ഒരു മണിക്കൂർ യാത്രചെയ്ത് എത്താനാവുന്ന അൽബാനോ തടാകത്തിന് ചുറ്റുമുള്ള ചരിവുകളിൽ 146 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന സമൃദ്ധമായ പൂന്തോട്ടങ്ങൾ ആണ് ഈ പ്രദേശത്തിന്റെ പ്രത്യേകത. എ ഡി 100 ൽ റോമൻ ചക്രവർത്തിയായ ഹാഡ്രിയൻ തന്റെ സ്മാരക വില്ല നിർമ്മിക്കാൻ തിരഞ്ഞെടുത്തു ഇവിടം .1600-കളുടെ അവസാനത്തിൽ മാർപ്പാപ്പമാർ റോമിലെ തിരക്കിൽ നിന്നും ചൂടിൽ നിന്നും രക്ഷപ്പെടാൻ വേനൽക്കാല വസതിയാക്കി. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയ്ക്ക് ഇവിടത്തെ



വേനൽക്കാല വസതിയോട് പ്രത്യേക മതിപ്പുണ്ടായിരുന്നു. വസതിക്കരികിലെ ഭംഗിയുള്ള നടപ്പാതകളിലൂടെയും തണലുള്ള തോട്ടങ്ങളിലൂടെയും നടക്കുന്നത് ബെനഡിക്ട് പാപ്പ ഇഷ്ടപ്പെട്ടു. എന്നാൽ തന്റെ തിരഞ്ഞെടുപ്പിനു പിന്നാലെ ഫ്രാൻസിസ് പാപ്പ വ്യക്തമാക്കി, വേനൽക്കാലത്ത് ഇവിടെ സമയം ചെലവഴിക്കാനോ അവധിക്കാലം ആസ്വദിക്കാനോ തനിക്ക് ഉദ്ദേശ്യമില്ലെന്ന്. പിന്നീടാണ്, 60 ഏക്കറിലധികം സ്ഥലം ബോർഗോ പദ്ധതിക്കായി വിനിയോഗിച്ച് എസ്റ്റേറ്റ് പുനഃക്രമീകരിക്കാൻ തീരുമാനിച്ചത്. ബാക്കിയുള്ളത് യുനെസ്കോയുടെ സംരക്ഷിത ഭൂമിയായതിനാൽ വത്തിക്കാന് അതിന്റെ സുസ്ഥിരതയും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിന് സ്വയം പരിമിതിയുണ്ട്.ബോർഗോ പദ്ധതി വത്തിക്കാനിലെ ധനകാര്യ വിഭാഗത്തിനു തലവേദനയാകില്ല. പണത്തിനു ബാഹ്യ കമ്പനികളെയും ഇതര പ്രസ്ഥാനങ്ങളെയും ആശ്രയിക്കുന്നതായി കമ്മ്യൂണിക്കേഷൻ കോർഡിനേറ്റർ ഡൊണാറ്റെല്ല പാരിസി പറഞ്ഞു.2025 മുഴുവനും നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷവേളയിൽ ബോർഗോ സജ്ജമാകുന്നുവെന്നത് നിർണ്ണായകം. ലൗദാത്തോ സി ചാക്രികലേഖനത്തിന്റെ പത്താം വാർഷികം, സെന്റ് ഫ്രാൻസിസ് ഓഫ് അസീസിയുടെ പ്രശസ്ത ഗാനമായ 'കാന്റിക്കിൾ ഓഫ് ദ് സൺ ' വിരചിതമായതിന്റെ 800-ാം വാർഷികം എന്നിവയും സമന്വയിക്കുന്നു. ഫെബ്രുവരിയിൽ ബോർഗോയിലെ കാർഷിക പദ്ധതികൾ ഉദ്ഘാടനം ചെയ്യും. ജൂബിലിക്ക് റോം സന്ദർശിക്കുമെന്ന് പ്രതീക്ഷിക്കുന്ന ദശലക്ഷക്കണക്കിനു തീർഥാടകർക്കായി നിർദ്ദേശിക്കപ്പെടുന്ന സന്ദർശന ഇടങ്ങളിൽ ഇതും ഉൾപ്പെടും.

**ഒന്നും പാഴാക്കാത്ത**
**കാർഷിക രീതി**

പതിറ്റാണ്ടുകൾ മുമ്പു വരെ ഈ പ്രദേശത്ത് പാലും പാലുൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്ന തോട്ടത്തിലെ ഒരു ചെറിയ ഫാമും 'മാർപ്പാപ്പമാർക്കായുള്ള വീഞ്ഞ്'' ഉണ്ടാക്കുന്ന ഒരു മുന്തിരിത്തോട്ടവും മാർപ്പാപ്പാമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലായിരുന്നു. സുസ്ഥിരത ഉറപ്പാക്കുന്നതിനു വേണ്ടി ഈ പ്രവർത്തനം പുനരാരംഭിക്കാൻ ബോർഗോ പദ്ധതിയിടുന്നു. 'ഒന്നും പാഴാക്കാത്ത ഒരു കാർഷിക സമ്പ്രദായം വികസിപ്പിക്കുന്നതിനുള്ള ഏറ്റവും ആധുനിക സാങ്കേതിക വിദ്യകൾ ഇതിനായി സ്വീകരിക്കും.' കീടനാശിനികൾ ഉപയോഗിക്കില്ലെന്നും പാരിസി വിശദീകരിച്ചു. ബോർഗോയിലെ 1,000 ഒലിവ് മരങ്ങളിൽ നിന്ന് ഒലിവ് ഓയിൽ നിർമ്മിക്കും. കൂടാതെ തോട്ടം സ്വന്തമായി തേനും തേയിലയും ഉത്പാദിപ്പിക്കും. പശു ഫാം സന്ദർശകർക്ക് ഒരു സംവേദനാത്മക അനുഭവമായി മാറും. ഓർഗാനിക് പാൽ, ചീസ്, ഐസ്ക്രീം എന്നിവ ഇവിടെ ഉൽപ്പാദിപ്പിക്കുമെന്നും പാരിസി അറിയിച്ചു. സന്ദർശകർ ഉദ്യാനത്തിലൂടെ നടക്കുമ്പോൾ, 'വെള്ളം', 'നിശബ്ദത' അല്ലെങ്കിൽ 'മരം' എന്നിങ്ങനെയുള്ള ഒരു വാക്ക് മുഖ്യമായുള്ള, ആത്മീയവും പാരിസ്ഥിതികവുമായ പ്രതിഫലനമുള്ള 30 അടയാളങ്ങൾ കാണാനാകും. ഉദ്യാനത്തിൽ 3000 ഇനം സസ്യങ്ങളാണുള്ളത്.




**മാതുസലേം എന്ന ഓക്കുമരം**

മാർപ്പാപ്പയുടെ പാരിസ്ഥിതിക ദർശനത്തെക്കുറിച്ച് കൂടുതലറിയാൻ ആഗ്രഹിക്കുന്ന ഗ്രൂപ്പുകൾക്കായി ബോർഗോ അധ്യാപന പ്രോജക്റ്റുകൾ ലൗദാത്തോ സി ഹയർ എജ്യുക്കേഷൻ സെന്റർ ലഭ്യമാക്കും. ഇവിടത്തെ വിശാലമായ പാർക്കിലൂടെ മരങ്ങൾ സന്ദർശകരെ 'നയിക്കു'മെന്ന് പാരിസി പറഞ്ഞു. 700 വർഷം പഴക്കമുള്ള മാതുസലേം എന്ന ഓക്കുമരം സന്ദർശകരെ വരവേൽക്കും. 'മനുഷ്യബന്ധങ്ങളെക്കുറിച്ച് മരങ്ങൾക്ക് നമ്മെ പഠിപ്പിക്കാൻ ധാരാളം ഉണ്ട്. അവർ എങ്ങനെ തിരശ്ചീന മാതൃകയിൽ ആശയവിനിമയം നടത്തുന്നുവെന്നും ഭീഷണികളെക്കുറിച്ച് പരസ്പരം മുന്നറിയിപ്പ് നൽകുന്നുവെന്നും നാമറിയണം.'ബോർഗോയുടെ ജനറൽ ഡയറക്ടർ ഫാ. ഫാബിയോ ബാഗിയോ അടുത്തിടെ കർദ്ദിനാളായി അവരോധിക്കപ്പെട്ടത് പദ്ധതിക്കുള്ള മാർപ്പാപ്പയുടെ പിന്തുണ ഉയർത്തിക്കാട്ടുന്ന സംഭവമായി. 'എനിക്ക് അടുത്തിടെ ലഭിച്ച ചുമതലകളുടെ മേലുള്ള ഒരുതരം അംഗീകാര മുദ്രയായി ഇത്'– കർദ്ദിനാളാക്കിയുള്ള പ്രഖ്യാപനത്തിന് തൊട്ടുപിന്നാലെ ബാഗിയോ പറഞ്ഞു. 'മനുഷ്യർക്ക സൃഷ്ടിയുടെ യഥാർത്ഥ കാര്യസ്ഥരാകാൻ കഴിയുമെന്ന് തെളിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ചെറിയ മാറ്റങ്ങൾ വലിയ മാറ്റങ്ങളിലേക്ക് നയിച്ചേക്കാം, അത് മനുഷ്യൻ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ശക്തിയേകും.' പ്രതീകാത്മകവും പുരാതനവുമായ സസ്യങ്ങളുടേതായ ഒരു വലിയ ഹരിതഗൃഹവും ഇവിടെയൊരുങ്ങുന്നു.

**ജൂബിലിക്കായുള്ള തപാൽ ഓഫിസ് തുറന്നു**

വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ, ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും 2025 ജൂബിലിക്കായി എത്തുന്ന ആളുകൾക്കായി പുതിയ തപാൽ ഓഫീസ് തുറന്നു. ഇറ്റാലിയൻ തപാൽ വിഭാഗമാണ് ഈ പുതിയ ഓഫീസ് സംഭാവനയായി നൽകിയത്.വത്തിക്കാൻ രാജ്യത്തിന്റെ ഗവർണറേറ്റ് പ്രസിഡന്റ് കർദ്ദിനാൾ ഫെർണാണ്ടോ വെർഗാസ് അൽസാഗയും, ഇറ്റാലിയൻ തപാൽ വിഭാഗത്തിന്റെ മേധാവി ഡോ. ജൂസെപ്പെ ലാസ്കോയും ഗവർണറേറ്റ് സെക്രട്ടറി ജനറൽ സിസ്റ്റർ റാഫേല്ല പെട്രിനിയും ചേർന്ന് ഉദ്ഘാടനം നിർവ്വഹിച്ചു. ❍

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



**നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...**

**ജീസസ് ആന്റ് മേരി സന്യാസസഭ**

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*


**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# യൗവനത്തിന്റെ ദാതാവാണ് ദൈവം !

*വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.*

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 18**



132. നിങ്ങൾ വികാരം തേടുകയാണോ? ആ മനോഹരമായ കവിത പറയുന്നതുപോലെ: "സ്നേഹത്തിൽവീഴുക!" (അഥവാ "സ്നേഹിക്കപ്പെടാൻ നിങ്ങൾ നിങ്ങളെത്തന്നെ അനുവദിക്കുക"), എന്തെന്നാൽ "ദൈവത്തെ കണ്ടെത്തുന്നതിനേക്കാൾ, തികച്ചും നിരുപാധികവും അന്തിമവുമായ ഒരു മാർഗത്തിലൂടെ സ്നേഹത്തിൽ വീഴുന്നതിനേക്കാൾ, കൂടുതൽ പ്രായോഗികമായി ഒന്നുമില്ല. നിങ്ങൾ എന്തിനെ സ്നേഹിക്കുന്നുവോ, നിങ്ങളുടെ ഭാവനയെ എന്തു കൈവശപ്പെടുത്തുന്നോ, അത് സകലതിനെയും ബാധിക്കും. രാവിലെ കിടക്കയിൽ നിന്നെഴുന്നേൽക്കുമ്പോൾ നിങ്ങൾക്കെന്തുകിട്ടും, നിങ്ങളുടെ സായാഹ്നങ്ങളിൽ നിങ്ങൾ എന്തുചെയ്യും, നിങ്ങളുടെ വാരാന്ത്യങ്ങൾ നിങ്ങൾ എങ്ങനെ ചെലവഴിക്കും, നിങ്ങൾ എന്തുവായിക്കും, നിങ്ങൾക്ക് ആരെ അറിയാം, നിങ്ങളുടെ ഹൃദയത്തെ ഭേദിക്കുന്നത് എന്താണ്, ആനന്ദവും കൃതജ്ഞതയും

കൊണ്ട് നിങ്ങളെവിസ്മയിപ്പിക്കുന്നത് എന്താണ്, ഇവയെല്ലാം അത് തീരുമാനിക്കും. സ്നേഹത്തിൽ ഏർപ്പെടുക, സ്നേഹത്തിൽ നിലനിൽക്കുക. എല്ലാം അതു നിശ്ചയിക്കും .ജീവിതത്തിൽ സകലതിനെയും ഉത്സാഹപൂർവം സമീപിക്കാൻ കഴിയുന്ന ദൈവത്തോടുള്ള ഈ സ്നേഹം, പരിശുദ്ധാത്മാവിയാൽ സാധ്യമാണ്. എന്തെന്നാൽ, "നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമാ. 5:5).

133. യുവജനങ്ങളുടെ ഏറ്റവും മികച്ച നിലയിലുള്ള സ്രോതസ്സാണ് അവിടുന്ന്. എന്തെന്നാൽ, കർത്താവിൽ ശരണപ്പെടുന്നവർ "ആറ്റു തീരത്തു നട്ടമരം പോലെയാണ്. അതു വെള്ളത്തിലേക്കു വേരൂന്നിയിരിക്കുന്നു. അത് വേനൽക്കാലത്തെ ഭയപ്പെടുന്നില്ല. അതിന്റെ ഇലകൾ എന്നും പച്ചയാണ്" (ജ, 17:8). "യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും" (ഏശ. 40:30) ചെയ്യുമ്പോൾ, കർത്താവിനു വേണ്ടികാത്തിരിക്കുന്നവർ "വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല" (ഏശ. 40:31).

134, സുവിശേഷത്തിന്റെ രൂപാന്തരീകരണ വെളിച്ചത്തിൽ, നമ്മുടെ യൗവ്വനത്തിന്റെ വർഷങ്ങൾ ജീവിക്കുക എന്നതിന്റെ അർത്ഥം എന്താണ്? നാം ഈ ചോദ്യം ഉന്നയിക്കേണ്ടത് ആവശ്യമാണ്. എന്തെന്നാൽ, യൗവ്വനം അഭിമാനത്തിന്റെ ഒരു സ്രോതസ്സ് എന്നതിനേക്കാൾ ദൈവത്തിന്റെ ഒരു ദാനമാണ്; "യുവാവായിരിക്കുന്നത് ഒരു കൃപയാണ്, ഒരനുഗ്രഹമാണ്.'നമുക്ക് അർത്ഥമില്ലാതെ ധൂർത്തടിക്കാനോ കൃതജ്ഞതയോടുകൂടി സ്വീകരിച്ച് പൂർണ്ണമായി ജീവിക്കാനോ കഴിയുന്ന ഒരു ദാനമാണത്.

135. ദൈവം യൗവ്വനത്തിന്റെ ദാതാവാണ്. ഓരോ യുവ വ്യക്തിയുടെയും ജീവിതത്തിൽ അവിടുന്ന് പ്രവർത്തനനിരതനാണ്. യൗവ്വനം യുവജനങ്ങൾക്ക് ഒരു അനുഗ്രഹീതസമയവും തിരുസഭയ്ക്കും ലോകത്തിനും ഒരു കൃപയുമേകുന്നു. അത് ആനന്ദത്തിന്റെയും പ്രത്യാശയുടെയും ഒരു ഗീതവും ഒരു അനുഗ്രഹവുമാണ്. കേവലം മുതിർന്ന പ്രായത്തിലേക്കുള്ള ഹ്രസ്വമായ ഒരു ആമുഖമായിട്ടല്ലാതെ അതിൽത്തന്നെ യോഗ്യതയുള്ള ഒന്നായി ജീവിതത്തിന്റെ ഈ കാലയളവിനെ കാണുന്നത് നമ്മുടെ യൗവ്വനത്തിന്റെ വർഷങ്ങളെ അനിവാര്യമാക്കുന്നു. സ്വപ്നങ്ങളുടെയും തീരുമാനങ്ങളുടെയും കാലം

136. യേശുവിന്റെ കാലത്ത്, കുട്ടിക്കാലത്തിൽനിന്നുള്ള കടന്നുപോക്ക് ജീവിതത്തിലെ ഒരു സുപ്രധാന ചുവടായിരുന്നു, ആനന്ദപൂർവ്വം ആഘോഷിക്കപ്പെട്ട ഒന്ന്. ജായ്റോസിന്റെ പുത്രിയെ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവന്ന യേശു ആദ്യം അവളെ കുട്ടി എന്നുവിളിച്ചു (മർക്കോ 5:39 ). എന്നാൽ പിന്നീട് അവിടുന്ന് അവളെ ബാലിക എന്ന് അഭിസംബോധന ചെയ്തു (മർക്കോ 5:41). "ബാലികേ, എഴുന്നേൽക്കൂ (തലീത്താകും)" എന്ന് അവളോടു പറഞ്ഞുകൊണ്ട്, അവിടുന്ന് യൗവ്വനത്തിലേക്കുള്ള വാതിൽ അവളുടെ മുമ്പിൽ തുറന്ന് അവളുടെ ജീവിതത്തെ സംബന്ധിച്ച് അവളെ കൂടുതൽ ഉത്തരവാദിത്തമുള്ളവളാക്കി.

137. "വ്യക്തിത്വവികസനത്തിന്റെ ഒരു ഘട്ടം എന്നനിലയിൽ യൗവ്വനം സ്വപ്നങ്ങളാൽ മുദ്രിതമാണ്. പ്രസ്തുത സ്വപ്നങ്ങൾ കൂടുതൽ കൂടുതൽ പൊരുത്തവും സമതുലനാവസ്ഥയും ആർജ്ജിക്കുന്ന ബന്ധങ്ങളാലും പരിശോധനകളാലും പരീക്ഷണങ്ങളാലും ക്രമേണ ഒരു ജീവിതപദ്ധതി നിർമ്മിക്കുന്ന തിരഞ്ഞെടുപ്പുകളാലും ചലനാത്മകത നേടുന്നു. ജീവിതത്തിലെ ഈ ഘട്ടത്തിൽ, സ്വന്തം വേരുകളിൽനിന്ന് അവരെത്തന്നെ വിച്ഛേദിക്കപ്പെടാതെ, ഏകാന്തതയിലല്ലാത്ത സ്വയം ഭരണാവകാശം നിർമ്മിക്കാൻവേണ്ടി മുന്നോട്ടു നീങ്ങാൻ യുവജനങ്ങൾ വിളിക്കപ്പെടുന്നു. "

## ജെയിംസ് കെ സി  മണിമല സ്മാരക സാഹിത്യ അവാർഡ്  ഷീല ടോമിക്ക്






**ജെയിംസ് കെ സി  മണിമല സ്മാരക സാഹിത്യ അവാർഡ് ആർച്ച് ബിഷപ്പ് മാർ ജോസഫ്  പാംപ്ലാനി ഷീല ടോമിക്ക് സമ്മാനിച്ചപ്പോൾ. (മുകളിൽ)**
**ജെയിംസ് കെ സി മണിമലയുടെ സഹോദര പുത്രനായ പ്രൊഫ. ജെയിംസ് മണിമല ജീവിത രേഖ അവതരിപ്പിക്കുന്നു.**

138. ദൈവസ്നേഹവും ജീവിക്കുന്ന ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധവും സ്വപ്നം കാണുന്നതിൽനിന്ന് നമ്മെ പിന്നോട്ടു വലിക്കുന്നില്ല, നമ്മുടെ ചക്രവാളങ്ങളെ ഇടുങ്ങിയതാക്കാൻ അവ ആവശ്യപ്പെടുന്നുമില്ല. മറിച്ച്, മെച്ചപ്പെട്ടതും കൂടുതൽ സുന്ദരവുമായ ജീവിതത്തിലേക്ക് ആസ്നേഹം നമ്മെ ഉയർത്തുകയും പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. യുവ ജനങ്ങളുടെ ഹൃദയങ്ങളിൽ സന്നിഹിതമാകുന്ന അഭിവാഞ്ഛയുടെ അധികഭാഗവും “അസ്വസ്ഥത”  എന്ന വാക്കിൽ സംഗ്രഹിക്കാവുന്നതാണ്. വിശുദ്ധ പോൾ ആറാമൻ പറഞ്ഞതുപോലെ, “നിങ്ങൾക്കു പലപ്പോഴും അനുഭവപ്പെടുന്ന അതൃപ്തിയിൽ തന്നെ. ഒരു പ്രകാശരശ്മി സന്നിഹിതമാണ്.”” പുതിയ ചക്രവാളങ്ങൾ തുറക്കുന്നതിനുമുമ്പ്, ഒരു ദൗത്യത്തിനുവേണ്ടി എഴുന്നേറ്റുനിന്ന് ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിലേക്ക് നിങ്ങളെ നയിക്കുന്ന ധീരത ആനന്ദവും അസ്വസ്ഥതയും കലരുന്ന ഈ അതൃപ്തി നിങ്ങളിൽ ഉല്പാദിപ്പിക്കുന്നു. യുവത്വം നിലനിൽക്കുന്നതും തുറന്നതും ഉദാരവുമായ എല്ലാ ഹൃദയത്തിലും ആരോഗ്യമുള്ള യുവത്വത്തിന്റെ ലക്ഷണമായ ഈ അസ്വസ്ഥത തുടർന്നു വസിക്കുന്നു. യഥാർത്ഥ ആന്തരിക സമാധാനം അഗാധമായ അതൃപ്തിയോടുകൂടി വസിക്കുന്നു. വിശുദ്ധ ആഗസ്തീനോസ് പറഞ്ഞതുപോലെയാണിത്; “കർത്താവേ, അങ്ങേയ്ക്കുവേണ്ടിത്തന്നെ അങ്ങ് ഞങ്ങളെ സൃഷ്ടിച്ചു. വിശ്രമം അങ്ങയിൽ കണ്ടെത്തുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങൾ അസ്വസ്ഥമാണ്. ( തുടരും )




# ബ്രെസോൺ സിനിമകളും സഹനത്തിന്റെ ദൈവശാസ്ത്രവും

**ഡോ. ജിജി ജോസഫ്**




സിബു അച്ചനുമായി പരിചയപ്പെടുന്നതും സൗഹൃദത്തിലായതും എനിക്ക ജേഷ്ഠ സഹോദരതുല്യനായ ശിവപ്രസാദ് സാറിലൂടെയാണ്. സിബു അച്ചൻ ചങ്ങനാശ്ശേരി മീഡിയാ വില്ലേജിൽ ശിവപ്രസാദ് സാറിന്റെ ശിഷ്യനായിരുന്നു. അതിനുശേഷം റോമിൽ നിന്നും അദ്ദേഹം റോബർട്ട് ബ്രെസ്സോൺ സിനിമയെപ്പറ്റി പ്രശസ്തമായ നിലയിൽ ഒരു ഗവേഷണപ്രബന്ധം രചിച്ച് ഡോക്ടറേറ്റ നേടി. ബ്രെസ്സോൺ സിനിമയുടെ ദൈവ ശാസ്ത്ര ദർശനങ്ങളെ പുരസ്കരിച്ച രചിച്ച ആ പ്രബന്ധം പുസ്തകമാക്കി പ്രസിദ്ധീകരിക്കാൻ അദ്ദേഹത്തിന്റെ ഗൈഡ് നിർദ്ദേശിച്ചതനുസരിച്ച് അതിനുള്ള സഹായം തേടിയാണ് എന്നെ സമീപിച്ചത്. ആ ദൗത്യം ഏറ്റെടുത്തത് എനിക്കും ഏറെ പ്രയോജനം ചെയ്തു എന്നതും ഓർക്കുകയാണ്. കോളജിൽ സാഹിത്യത്തിനൊപ്പം സിനിമയും പഠിപ്പിച്ചിരുന്ന ഞാൻ ജോലിയിൽ നിന്നു വിരമിച്ചശേഷം കറങ്ങിത്തിരിഞ്ഞ് ഒരു സിനിമാ കോളമെഴുത്തുകാരനായി. അങ്ങനെയിരിക്കെ ഈ എഡിറ്റിങ് ജോലി, ബ്രെസ്സോൺ എന്ന ചലച്ചിത്ര പ്രതിഭയെ വിദൂര ദർശനത്തിൽ മാത്രം കണ്ടിരുന്ന എനിക്ക് ആഴത്തിൽ പഠിക്കുവാൻ അവസരമായി. ഇപ്പോൾ ഈ ഗ്രന്ഥം പ്രകാശനം ചെയ്യുമ്പോൾ ഒരു കാര്യം ഉറപ്പായി പറയാം. വിശ്വസിനിമയിലെ അനന്യപ്രതിഭയായ റോബർട്ട് ബ്രെസോണിനെ പരിചയപ്പെടുത്തുന്ന ഈ ഗ്രന്ഥം ചലച്ചിത്ര വിജ്ഞാനശാഖയ്ക്ക് ഒരു മുതൽക്കൂട്ടാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ സിനിമ അതിവേഗം വളർന്നു. പ്രാഥമികമായും എന്റർടെയിൻമെന്റ് ഇൻഡസ്ട്രി എന്ന നിലയിലാണ് അമേരിക്കയിലും യൂറോപ്പിലും അതു വ്യാപിച്ചതെങ്കിലും, സാങ്കേതികവിദ്യയുടെ കൗതുകക്കാഴ്ചയ്ക്കപ്പുറം സിനിമ ഒരു കലാസൃഷ്ടിയാണെന്നു ചിന്തിക്കാനും


ചലച്ചിത്രകാരന്മാർക്ക കഴിഞ്ഞു. സിനിമയ്ക്കു സ്വന്തമായ ഒരു ലാവണ്യശാസ്ത്രം തന്നെ ഉരുത്തിരിഞ്ഞു. ഈ സിനിമാ ഈസ്തെറ്റിക്സ് (cinema aesthetics) വളർത്തിയെടുക്കാൻ ഫ്രഞ്ച് കലാകാരന്മാരായിരുന്നു മുന്നിൽ. 1951ൽ ആന്ദ്രേ ബാസിൻ, ഴാങ്ങ് ദെ വാൽക്രോസ്, യോസഫ് മാരി ലോ ഡുകാ എന്നിവർ ചേർന്ന് തുടങ്ങിയ Cahiers du Cinema എന്ന പ്രസിദ്ധീകരണവും അതുമായി ബന്ധപ്പെട്ട ഒരുപിടി ചലച്ചിത്രകാരന്മാരുമാണ് ഈ മേഖലയെ വളർത്തിയത്. യൂറോപ്പിൽ ഉയർന്നുവന്ന New wave, auteurism, neo realism, parallel cinema, arthause movie, എന്നൊക്കെ അറിയപ്പെട്ട ചലച്ചിത്ര നിർമിതികൾ ലോകസിനിമയിൽ പുതിയ വഴികൾ തുറന്നിട്ടു. റോബർട്ട് ബ്രെസോൺ ഇതിന്റെ മുൻ നിരയിലുണ്ട്. ബ്രെസ്സോണിന്റെ ചലച്ചിത്രരചനാ സങ്കേതങ്ങളും ചിന്തകളും ആന്ദ്രേ ബാസിനെ ഏറെ സ്വാധീനിച്ചിരുന്നു. ബാസിന്റെ 'What is Cinema?' (1956) എന്ന കൃതിയും ബ്രെസ്സോൺ തന്റെ സിനിമാ നിർമ്മാണ വേദിയിൽ നിന്നും കിട്ടിയ അനുഭവങ്ങളുടെയും ഉൾക്കാഴ്ചകളുടെയും സംക്ഷിപ്തരൂപമായി രചിച്ച 'Notes Sur La Cinematographe' (1975) എന്നിവ ചേർത്തു വായിച്ചാൽ മേല്പറഞ്ഞ കാര്യം വ്യക്തമാകും. റഷ്യൻ ചലച്ചിത്രകാരനായ ആന്ദ്രേ താർക്കോവ്സ്കിയുടെ 'Sculpting in Time' (1986) ഇതുമായി ചേർത്തു വായിക്കാം. ചലച്ചിത്ര വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങളാണിവ. ബ്രെസോണിന്റെ ചലച്ചിത്രങ്ങൾ വിശദമായ പഠനം ആവശ്യപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ ചില പ്രധാന പ്രത്യേകതകൾ നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. ഒന്നാമതായി ബ്രെസോൺ സംവിധായകൻ എന്ന നിലയിൽ ഒരു 'auteur' ആണ്. അതായത് തന്റെ രചനകളുടെ സമസ്ത മേഖലകളെയും സമ്പൂർണ്ണമായി നിയന്ത്രിക്കുന്ന സംവിധായകൻ. ഇവിടെ ചലച്ചിത്രം സംവിധായകന്റെ കലയായി മാറുന്നു. സംവിധായകന്റെ ശൈലിയുടെ DB പേറുന്നതാണ് ഓരോ ഫ്രെയ്മും. ബ്രെസോൺ ഒരു സമ്പൂർണ്ണ റിയലിസ്റ്റ് ശൈലിയാണ് ഉപയോഗിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി അദ്ദേഹം തന്റെ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ പ്രൊഫഷണൽ അഭിനേതാക്കളെ ഒഴിവാക്കി. ഓരോ ചിത്രത്തിലും തന്റെ സങ്കല്പമനുസരിച്ചുള്ള വ്യക്തികളെ ഉപയോഗിച്ചാണ് പാത്രസൃഷ്ടി നടത്തുന്നത്. കഥാപാത്രങ്ങൾ "അഭിനയിക്കേണ്ട' സംവിധായകൻ പറയും പോലെ ക്യാമറയുടെ മുമ്പിൽ "പെരുമാറുക" മാത്രം ചെയ്താൽ മതി! കഥയിൽ നാടകീയത (theaticality) പൂർണമായും ഒഴിവാക്കുന്നു. ദൈനംദിന ജീവിത സാഹചര്യങ്ങളും സന്ദർഭങ്ങളുമാണ് ആഖ്യാനമാകുന്നത്. ഇതിനെ ബലപ്പെടുത്തുന്ന രീതിയിൽ ഷോട്ടുകളും ഫ്രെയ്മിങ്ങും നിയന്ത്രിക്കുന്നു. Static ഷോട്ടുകൾ ഉപയോഗിക്കുന്നു. അതായത് ഒരേ സീക്വൻസിൽ ക്യാമറയുടെ ആംഗിൾ ഒന്നു തന്നെയായിരിക്കും.

പ്രകാശത്തിന്റെ ഉപയോഗവും മുഖ്യധാരയിൽ നിന്നു വേറിട്ടു നില്ക്കുന്നു. സ്റ്റുഡിയോ ലൈറ്റുകൾ മിക്കവാറും ഒഴിവാക്കി സ്വാഭാവിക പ്രകാശമാണ് ചിത്രീകരണത്തിനുപയോഗിക്കുക. അതുപോലെതന്നെയാണ് ശബ്ദവും സംഗീതവും. ഒരു രംഗത്ത് അതിന്റെ ഉള്ളിൽ നടക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട ശബ്ദങ്ങൾക്കേ പ്രസക്തിയുള്ളൂ. അതുപോലെതന്നെ വളരെ കുറച്ചു മാത്രം സംഗീത പശ്ചാത്തലം – പ്രമേയവുമായി ചേർന്നു പോകുന്നവ മാത്രം – ഉപയോഗിക്കുന്നതും ഇപ്രകാരം ഒരു "മിനിമലിസ്റ്റ്" രീതിയിലാണ്. ഈയൊരു ശൈലിയിലൂടെ ബ്രെസ്സോൺ പ്രേക്ഷകനോട് നേരിട്ടു സംവേദനം ചെയ്യുകയാണ്. ഇവിടെ ബ്രെസോണിന്റെ സാഹിത്യബന്ധം കൂടി ഓർക്കേണ്ടതുണ്ട്. ബ്രെസ്സോണിന്റെ സൃഷ്ടികൾ ഭൂരിഭാഗവും സാഹിത്യകൃതികളുടെ അനുരൂപണങ്ങളായിരിക്കുന്നത് ശ്രദ്ധിക്കേണ്ടതാണ്. അതേ സമയം മുഖ്യധാരാസിനിമയിലേതു പോലെ സാഹിത്യകൃതികളെ നേരെ പകർത്തുന്നതുമില്ല. ദൃശ്യാനുരൂപണം ചെയ്യുമ്പോൾ സാഹിത്യ സൃഷ്ടിയുടെ സാന്നിധ്യം മിക്കവാറും ധ്വനിപ്പിക്കപ്പെടുകയാണ്. സാഹിത്യവും സിനിമയും രണ്ടു മാധ്യമങ്ങളാണെന്നും അവയുടെ സംവേദനതലങ്ങൾ വ്യത്യസ്തങ്ങളാണെന്നുമുള്ള ഒരുൾക്കാഴ്ച ഇവിടെ കാണാം. സാഹിത്യ കൃതിയുടെ സിനിമാനുരൂപണം വ്യത്യസ്തമായ

ഒരു സൃഷ്ടിയാണെന്നു മനസ്സിലാക്കാം. ദൃശ്യാവിഷ്ക്കാരവും സാഹിത്യാവിഷ്ക്കാരവും തമ്മിലുള്ള ബന്ധം സിനിമാ–സാഹിത്യ താരതമ്യത്തിൽ ഒരു നിതാന്ത പ്രശ്നമാണ്. എന്നാൽ ബ്രെസോൺ ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്തിരിക്കുന്നുവെന്നത് പഠിക്കാവുന്ന ഒരു വിഷയമാണ്. പ്രസിദ്ധങ്ങളായ സാഹിത്യ സൃഷ്ടികളെ ആധാരമാക്കിയാണ് തന്റെ ആകമാനമുള്ള 13 സിനിമകളിൽ 9 എണ്ണം സൃഷ്ടിച്ചിട്ടുള്ളത്. ഒരുദാഹരണത്തിന് റഷ്യൻ സാഹിത്യകാരൻ ഫെദോർ ദസ്തയേവ്സ്കിയുടെ White Nights എന്ന കഥ Four Nights of A Dreamer (1971) ആയി അനുരൂപപ്പെടുത്തി. ഫ്രഞ്ച് കഥാകാരൻ ഷോർജ് ബർനാനോയുടെ Journal D'un Cure'de Campagne, Maschette എന്നി കൃതികളും ബ്രെസ്സോൺ പുനഃരാവിഷ്ക്കരിച്ചു. ദസ്തയേവ്സ്കിയുടെ Crime and Punishment–ൽ നിന്നുമെടുത്ത ആശയമാണ് Pickpocket (1959) എന്ന ചിത്രത്തിനാധാരം. ഓ ഹസാർദ് ബാൽതസാർ (1996), The Idiot എന്ന കൃതിയിൽ നിന്നും പ്രചോദനമുൾക്കൊണ്ടിരിക്കുന്നു. അതുപോലെ ടോൾസ്റ്റോയിയുടെ The Forged Coupon ആണ് L' Argennt (1983)ന്റെ കഥ. ആന്ദ്രെ ദെവിഞ്ഞിയുടെ ഓർമ്മക്കുറിപ്പാണ് Une condamne a' mort s'est echappe (1956) (A Man Escaped) എന്ന ചിത്രത്തിലെ സംഭവങ്ങൾ.

ഭാരതീയ സൗന്ദര്യശാസ്ത്രത്തിൽ നാം ധ്വനി എന്ന പദമുപയോഗിക്കാറുണ്ട്. Implied Meaning(s) എന്ന ഇംഗ്ലീഷിൽ പറയുന്നു. ധ്വനി പല രീതിയിൽ വരും കാവ്യസൃഷ്ടി കളിൽ. വില്യം എംപ്സൺ എന്ന സാഹിത്യ സൈദ്ധാന്തികൻ ambiguity എന്ന വാക്കിലൂടെ സൂചിപ്പിക്കുന്നതും ഏറെക്കുറെ ഇതുതന്നെയാണ്. പലതരം ambiguity ഉണ്ട്. T.S. Eliot പറയുന്നതുപോലെ: 'To suggest is the create to describe is to destroy'. ധ്വനിപ്പിക്കലിലൂടെയാണ് പ്രേക്ഷകനും വായനക്കാരനും അർത്ഥതലങ്ങൾ കണ്ടെത്തേണ്ടത്. ഇവിടെയാണ് ബ്രെസോൺ സൃഷ്ടികളുടെ മഹത്വം നമുക്ക് തിരിച്ച റിയാൻ കഴിയുക.

ഒരു ഉദാഹരണം പറഞ്ഞുകൊണ്ടവസാനിപ്പിക്കാം. "ഓ ഹസാർദ് ബാൽതസാർ' എന്ന കൃതിയിൽ മുഖ്യകഥാപാത്രം ഒരു കഴുതയാണ്. കുട്ടിയായിരിക്കുന്നതു മുതൽ മരണപ്പെടുന്നതു വരെയുള്ള ബാൽതസാർ എന്നു പേരുള്ള ഈ കഴുതയുടെ കഥ. ബാൽതസാർ വെറും കഴുതയല്ല എന്നു നാം തിരിച്ചറിയുന്നു. കഴുത ഒരു ആദിരൂപമാകുന്നു (archetype). ബൈബിളിൽ പ്രത്യക്ഷപ്പെടുന്ന കഴുതകളെ ഓർക്കുക. അപുലിയുസ് എന്ന റോമൻ സറ്റയറിസ്റ്റിന്റെ "സ്വർണ്ണക്കഴുത'യും ഓർമ്മിക്കപ്പെടുന്നു നേരിട്ടുള്ള പരാമർശങ്ങളില്ലാതെ തന്നെ. ദസ്തയേവ്സ്കിയുടെ The 1910ലെ ശുദ്ധനായ വിഡ്ഢി (Holy fool), സഹനദാസനായ ക്രിസ്തു (ബാൽതസാറിന്റെ മരണരംഗം ശ്രദ്ധിക്കുക) ഈ ബിംബങ്ങളെല്ലാം ധ്വനിപ്പിക്കപ്പെടുന്നു. കഥയ്ക്കപ്പുറം മനുഷ്യാസ്തിത്വത്തിന്റെ ഏറ്റവും കാതലായ പ്രഹേളികയെപ്പറ്റി – സഹന മരണങ്ങളെപ്പറ്റി ചിന്തിക്കാൻ നാം പ്രേരിപ്പിക്കപ്പെടുന്നു. ഇവിടെയാണ് Theology of suffering എന്ന ആശയം കടന്നു വരുന്നത്. കുറച്ചുകൂടെ വിശാലമായ അർത്ഥത്തിൽ The Metaphysics of Suffering and Death എന്നു ഞാനിതിനെ വിളിക്കുന്നു. സോഷ്യൽ സറ്റയർ ഒപ്പമുണ്ട്. തികച്ചും സമകാലികമായ പശ്ചാത്തലവും സന്ദർഭങ്ങളും ഉപയോഗിക്കുമ്പോഴും റിയലിസത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ബ്രെസ്സോണിയൻ സിനിമ നമ്മോടു സംവദിക്കുന്നു. ഈ ചിറക് വിടർത്തൽ , ഒരർത്ഥത്തിൽ ഒരു ചലച്ചിത്രകാരനെ പരിചയപ്പെടുന്നതിന് അപ്പുറത്തേക്കുള്ള ദർശനാനുഭവം സിബു അച്ചന്റെ ഈ ഗ്രന്ഥത്തിൽ കാണാൻ കഴിയും. ഈ വേറിട്ട ദൃശ്യവീക്ഷണത്തിന്റെ ഉള്ളടരുകളിലുള്ള ദൈവ ശാസ്ത്ര ചിന്തകളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. (ഡിസംബർ 15 ന് നടന്ന പുസ്തക പ്രകാശന ചടങ്ങിലെ പ്രസംഗത്തിൽ നിന്ന്) ❍



വാർത്തയും ചിന്തയും

# മലയോരങ്ങളിൽ മുഴങ്ങുന്നത് വിലാപത്തിന്റെ മാറ്റൊലികൾ

വാർത്ത

**ആന്റണി ചടയംമുറി**

അധികാര സംവിധാനവും രാഷ്ട്രീയ ഹയരാർക്കിയും ഒരുമിച്ച് മലയോരകർഷകരെ ദുരിതത്തിലാഴ്ത്തുന്ന സംഭവങ്ങൾ നമുക്ക് മുമ്പിലുണ്ട്. അവരുടെ സാഹസികമായ അതിജീവനപാതയിലാകട്ടെ ചീറിവരുന്ന വന്യമൃഗങ്ങളുടെ സാന്നിധ്യം കൂടിയാകുമ്പോൾ ആ ജനപദങ്ങളിൽ നീതിക്കുവേണ്ടിയുള്ള വിലാപങ്ങൾ നിറയുന്നു. വിളവെടുപ്പ് മഹോത്സവമായ പുത്തരിത്തിരുനാൾ മലബാറിലെ സുറിയാനി കത്തോലിക്കർ ആചരിക്കാറുള്ളത് ഡിസംബർ മാസത്തിലെ ഒന്നും രണ്ടും ഞായറാഴ്ചകളിലാണ്. കർഷകകുടുംബങ്ങൾ അവരുടെ കൃഷിയിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന വിളകൾ ഇടവകദേവാലയങ്ങൾക്ക് സമർപ്പിക്കുന്നത് ഈ ദിനങ്ങളിലാണ്. നാലുചക്രവാഹനങ്ങളിൽ വീടുകളിൽ നിന്ന് ശനിയാഴ്ചകളിൽ ശേഖരിക്കുന്ന കാർഷിക വിളകൾ ഞായറാഴ്ച കുർബാനയ്ക്കു ശേഷം ലേലം ചെയ്യുകയാണ് പതിവ്. പക്ഷെ, ഇത്തവണ മലബാറിലെ കർഷകരിൽ പലർക്കും വാഴക്കുലയോ നാളികേരമോ ഒന്നും പള്ളിക്ക് നൽകാനായില്ല. വന്യമൃഗശല്യം അത്രത്തോളം മലയോരങ്ങളിൽ ഗുരുതരമാണ്. ചിങ്ങം ഒന്നിന് സംസ്ഥാന സർക്കാരും ഡിസംബർ 23ന് കേന്ദ്രസർക്കാരും കാർഷികദിനമാചരിച്ചുവരുന്നുണ്ട്. ജനത്തെ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനേക്കാൾ വനം – വന്യ മൃഗ സംരക്ഷണത്തിനായി നിയമങ്ങൾ കടുപ്പിക്കുന്ന ഭരണകൂടങ്ങൾ ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന പൗരാവകാശങ്ങളാണ് ധ്വംസിക്കുന്നത് . കേരളത്തിലായാലും പഞ്ചാബിലായാലും കർഷകർ നേരിടുന്ന പ്രതിസന്ധിയുടെ വ്യാപ്തി ഭരണകൂടങ്ങൾ തിരിച്ചറിയുന്നില്ല. ഭാരതീയ പൗരൻമാരിൽ പകുതിയും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. രാജ്യത്തിന്റെ ആകെ വിസ്തൃതിയുടെ 54.8 ശതമാനവും കൃഷിഭൂമിയാണ്. കോർപ്പറേറ്റുകളുടെ 14 ലക്ഷം കോടിയിലേറെ രൂപ എഴുതിത്തള്ളിയ ഭരണകൂടം ഏകദേശം 7 ലക്ഷം കോടിയോളം രൂപ വരുന്ന കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ സന്നദ്ധരാകാത്തത്, ഭരിക്കുന്നവരുടെ ചായ്‌വ് എങ്ങോട്ടാണെന്ന് സൂചിപ്പിക്കുന്നില്ലേ?

ചിന്ത

കരുതലിന് ഏറ്റവും വലിയ തടസ്സം മുറിവേറ്റവന്റെ വംശമോ ജാതിയോ നാടോ മതമോ അന്വേഷിക്കുന്ന ഏർപ്പാടാണ്. അഥവാ വ്യത്യസ്തതയ്ക്ക് പ്രാധാന്യം നൽകലാണ്.
**(ഫ്രാൻസിസ് പാപ്പ – –ഫ്രത്തേലി തുത്തി – നമ്പർ 68)**



# വയനാട്: ദുരന്ത ബാധിതർക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് തറക്കല്ലിട്ടു

കോഴിക്കോട്: മുണ്ടക്കൈ – ചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതരെ പുനരധിവസിപ്പിക്കാൻ കേരള കത്തോലിക്കാ മെത്രാൻ സമിതിയും ( കെസിബിസി) യും കോഴിക്കോട് രൂപതയുടെ ശതാബ്ദി ആഘോഷ ഭവന പദ്ധതിയും ചേർന്ന് ഭവനരഹിതർക്കായി നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ശിലാ ആശീർവാദം കെസിബിസി ചെയർമാൻ കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ നിർവഹിച്ചു. കേരളത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി (കെആർഎൽസിബിസി) പ്രസിഡന്റും കോഴിക്കോട് രൂപത ബിഷപ്പുമായ വർഗീസ് ചക്കാലക്കൽ സമ്മേളനത്തിൽ അധ്യക്ഷനായി. കെസിബിസി സെക്രട്ടറി കണ്ണൂർ രൂപത ബിഷപ്പ് ഡോ. അലക്സ് വടക്കുംതല അനുഗ്രഹ പ്രഭാഷണം നടത്തി. താമരശ്ശേരി രൂപതാ ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ തുടങ്ങിയവർ പങ്കെടുത്തു. കോഴിക്കോട് രൂപതയുടെ പരിധിയിലുള്ള മേലെ അരപ്പറ്റയിൽ ഉള്ള സ്ഥലത്താണ് പുനരധിവാസ ഭവന പദ്ധതി നടപ്പിലാക്കുന്നത്.

കോഴിക്കോട് രൂപത ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ, വികാരി ജനറൽ റവ. ഡോ. ജൻസൻ പുത്തൻ വീട്ടിൽ, ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ ഫാദർ പോൾ പേഴ്സി, സാമൂഹിക സേവന വിഭാഗമായ ജീവനയുടെ ഡയറക്ടർ ഫാദർ ആൽഫ്രെഡ് വടക്കേത്തണ്ടിൽ, ഫാ. സണ്ണി കാരിത്താസ് ഇന്ത്യയുടെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും പ്രതിനിധികൾ എന്നിവരുടെ മേൽനോട്ടത്തിലായിരിക്കും ഈ ഭവന പദ്ധതി പൂർത്തീകരിക്കുക.

VATHICAN THARANGAM
RN 55178/94
Total Pages 28 Date of Publication 31-12-2024

# 33rd KCBC MEDIA AWARDS 2024

















www.kcbcmediacommission.com ICON MEDIA ONLINE KCBC MEDIA KCBC MEDIA kcbcmediacom KCBC NEWS www.kcbcnews.com

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.